## മധുരമായ കുട്ടികളെ - വികർമ്മങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ഇടക്കിടെ അശരീരിയാകുന്നതിനുള്ള അഭ്യാസം ചെയ്യൂ, ഈ അഭ്യാസം മായാജീത്താക്കി മാറ്റും, സ്ഥായിയായ യോഗവും നിലനിൽക്കും

**ചോദ്യം:-** ഏതൊരു നിശ്ചയം ഉറച്ചതാണെങ്കിൽ യോഗം മുറിയുകയില്ല?
**ഉത്തരം:-** സത്യ ത്രേതായുഗത്തിൽ നമ്മൾ പാവനമായിരുന്നു, ദ്വാപര കലിയുഗത്തിൽ പതിതമായി, ഇപ്പോൾ വീണ്ടും നമുക്ക് പാവനമാകണം, ഈ നിശ്ചയം ഉറച്ചതാണെങ്കിൽ യോഗം മുറിയുകയില്ല. മായക്ക് പരാജയപ്പെടുത്താൻ സാധിക്കില്ല.

**ഗീതം:-** ആരാണോ പ്രിയനോടൊപ്പം.....

**ഓം ശാന്തി**. മധുര-മധുരമായ കുട്ടികൾ ഈ ഗീതത്തിന്റെ അർത്ഥം മനസ്സിലാക്കി. സാധാരണ മഴയുടെ കാര്യമല്ല. ഇവിടെയുള്ള സാഗരത്തിന്റെ അല്ലെങ്കിൽ നദികളുടെ കാര്യമല്ല. ഇതാണ് ജ്ഞാന സാഗരം, ജ്ഞാനസാഗരം വന്ന് ജ്ഞാനത്തിന്റെ മഴ പെയ്യിക്കുന്നു, അപ്പോൾ അജ്ഞാനത്തിന്റെ അന്ധകാരം അകലുന്നു. ഇത് ആരാണ് മനസ്സിലാക്കുന്നത്? ആരാണോ സ്വയം ബ്രഹ്മാകുമാരനും-കുമാരിയുമെന്ന് മനസ്സിലാക്കുന്നത്. കുട്ടികൾക്കറിയാം നമ്മുടെ പിതാവ് ശിവനാണ്, ആ പിതാവ് നമ്മൾ എല്ലാ ബി. കെ. കളുടെയും മുത്തച്ഛനുമാണ്, നിരാകാനുമാണ്. നമ്മൾ പ്രജാപിതാ ബ്രഹ്മാ കുമാരനും കുമാരിയുമാണെന്ന നിശ്ചയം നിങ്ങൾക്കുണ്ടെങ്കിൽ പിന്നീടിത് മറക്കുന്നതിന്റെ കാര്യം തന്നെയില്ല. എല്ലാ കുട്ടികളും പ്രിയനോട് കൂടെയാണ്. നിങ്ങൾ മാത്രമാണ് കൂടെയുള്ളത് എന്നല്ല, മുരളി എല്ലാവരും കേൾക്കും. ജ്ഞാനത്തിന്റെ മഴ കുട്ടികൾക്ക് വേണ്ടി തന്നെയാണ്, ഈ മഴയിലൂടെ അജ്ഞാന അന്ധകാരത്തിന്റെ വിനാശമുണ്ടാകുന്നു. നിങ്ങൾക്കറിയാം നമ്മൾ ഘോരമായ അന്ധകാരത്തിലായിരുന്നു, ഇപ്പോൾ പ്രകാശം ലഭിച്ചതിനാൽ എല്ലാം അറിഞ്ഞു കൊണ്ടിരിക്കുകയാണ്. പരംപിതാ പരമാത്മാവിന്റെ ജീവചരിത്രത്തെ നിങ്ങൾക്കറിയാം. ശിവബാബയുടെ ജീവചരിത്രമറിയാത്തവർ കൈ ഉയർത്തൂ. പരമാത്മാവിന്റെ ജീവിത കഥ എല്ലാവർക്കുമറിയാം. അതും ഒരു ജന്മത്തേതല്ല. ശിവബാബയ്ക്ക് എത്ര ജന്മങ്ങളുടെ ജീവചരിത്രമുണ്ട്? നിങ്ങൾക്കറിയുമോ? ഈ ഡ്രാമയിൽ ശിവബാബയുടെ പാർട്ടെന്താണെന്ന് നിങ്ങൾക്കറിയാം. ആദിമുതൽ അന്ത്യം വരേയ്ക്കും ബാബയേയും ബാബയുടെ ചരിത്രത്തെയും അറിയാം. ഭക്തിമാർഗ്ഗത്തിൽ ആര് ഏത് ഭാവനയോടെ ഭക്തി ചെയ്യുന്നോ അതിന്റെ പ്രതിഫലം തീർത്തും എനിക്ക് നൽകേണ്ടതായുണ്ട്. അത് ചൈതന്യത്തിലല്ല, എന്നാൽ സാക്ഷാത്ക്കാരം ചെയ്യിക്കുന്നത് ഞാൻ തന്നെയാണ്. അരകൽപം ഭക്തിമാർഗമാണ് നടക്കുന്നതെന്ന് നിങ്ങൾക്കറിയാം. ഭക്തിയിലെ മനോകാമനകൾ പൂർത്തിയായി, ഇപ്പോൾ വീണ്ടും കുട്ടികളായിരിക്കുന്നു അവർക്ക് തീർച്ചയായും സമ്പത്ത് ലഭിക്കും. അച്ഛൻ കുട്ടികൾക്ക് സമ്പത്ത് നൽകുക, ഇത് നിയമമാണ്. നിങ്ങളുടെ മുഖമിപ്പോൾ സദ്ഗതിയുടെ വശത്തേക്കാണ്. നിങ്ങൾക്ക് മൂലവതനത്തെയും, സൂക്ഷ്മവതനത്തെയും, സ്ഥൂലവതനത്തെയും അറിയാം. ആരെല്ലാമാണ് ഈ പരിധിയില്ലാത്ത നാടകത്തിലെ മുഖ്യമായ അഭിനേതാക്കൾ. നിർമ്മാതാവും പിന്നീട് സംവിധായകനുമായി രചിക്കുന്നു, അതോടൊപ്പം ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണ്. നിർദ്ദേശങ്ങൾ നൽകുകയല്ലേ. പഠിപ്പിക്കുകയും ചെയ്യുന്നു. പറയുന്നു ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കാൻ വന്നിരിക്കുകയാണ്. ഇതും കർമ്മം ചെയ്യലായില്ലേ ഒപ്പം ചെയ്യിപ്പിക്കുകയും ചെയ്യുന്നു. അരകൽപം നിങ്ങൾ മായക്ക് വശപ്പെട്ട് അസത്യ കർത്തവ്യം ചെയ്ത് വന്നു. ഇതാണ് ജയ-പരാജയത്തിന്റെ കളി. മായ നിങ്ങളെ കൊണ്ട് അസത്യ കർത്തവ്യങ്ങൾ ചെയ്യിച്ചു. അസത്യ കർത്തവ്യം ചെയ്യുന്നവരെ എങ്ങനെ ഭഗവാനെന്ന് പറയാൻ സാധിക്കും? ഭഗവാൻ പറയുന്നു ഞാൻ ഒരാൾ മാത്രമാണ്, ആ ഒരാൾ നിങ്ങളെല്ലാവരെയും സത്യ കർമ്മം ചെയ്യാൻ പഠിപ്പിക്കുന്നു. ഇപ്പോൾ എല്ലാവരുടെയും കണക്കെടുപ്പിന്റെ സമയമാണ്. എല്ലാവരെയും കുഴിമാടത്തിൽ നിന്ന് ഉണർത്തണം. ഇവരെല്ലാവരും കുഴിമാടത്തിലാണ്. ബാബ വന്ന് ഉണർത്തുന്നു. മരണം മുന്നിൽ നിൽക്കുന്നുണ്ട്. ശിവബാബ ബ്രഹ്മാ ശരീരത്തിലൂടെ നമുക്കെല്ലാം മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ എല്ലാവരുടെയും ജീവചരിത്രവും, ശിവബാബയുടെ ജീവചരിത്രവും അറിയുന്നവരായി മാറിയിരിക്കുന്നു. അപ്പോൾ ഉയർന്നവരായി മാറിയില്ലേ. ശാസ്ത്രങ്ങളെല്ലാം വളരെ അദ്ധ്യയനം ചെയ്യുന്നവരുടെ മുന്നിൽ അറിയാത്തവർ പോയി നമസ്ക്കരിക്കുന്നു. നിങ്ങൾക്ക് നമസ്ക്കരിക്കേണ്ടതില്ല. വളരെ സഹജമായ കാര്യമാണ്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ മൂലവതനം, ശാന്തിധാമ നിവാസികളാകും, പിന്നീട് സുഖധാമത്തിലേക്ക് വരും. ഇപ്പോൾ നമ്മൾ പ്രജാപിതാ ബ്രഹ്മാകുമാരൻമാരും, കുമാരികളുമാണ്. നമ്മൾ ശിവബാബയുടെ പേരക്കുട്ടികളാണ്. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ നമുക്ക്

സുഖത്തിന്റെ സമ്പത്ത് ലഭിക്കും. നിങ്ങൾ കുട്ടികൾക്ക് നിശ്ചയമുണ്ട് നമ്മൾ പവിത്രമായിരുന്നു പിന്നീട് പതിതമായതാണ് ഇപ്പോൾ വീണ്ടും നമുക്ക് പാവനമാകണം. അഥവാ നിശ്ചയമില്ലെങ്കിൽ യോഗവും ഉണ്ടായിരിക്കില്ല, പദവിയും നേടാൻ സാധിക്കില്ല. പവിത്രമായ ജീവിതം നല്ലതല്ലേ. കുമാരിമാർക്ക് വളരെയധികം ആദരവുണ്ട് എന്തുകൊണ്ടെന്നാൽ ഈ സമയം നിങ്ങൾ കുമാരിമാർ വളരെയധികം സേവനം ചെയ്യുന്നില്ലേ. ഇപ്പോൾ നിങ്ങൾ പവിത്രമായി കഴിയുന്നു, ഇപ്പോഴത്തെ പവിത്രത ഭക്തി മാർഗ്ഗത്തിൽ പൂജിക്കപ്പെടുന്നു. ഈ ലോകം വളരെ മോശമാണ്, കീചകന്റെ കഥയില്ലേ. മനുഷ്യർ വളരെ മോശമായ ചിന്തകളോടെയാണ് വരുന്നത്, അവരെയാണ് കീചകനെന്ന് പറയുന്നത് അതുകൊണ്ടാണ് ബാബ വളരെയധികം സൂക്ഷിക്കണമെന്ന് പറയുന്നത്. വളരെ മോശമായ മുള്ളുകളുടെ ലോകമാണ്. നിങ്ങൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം. നമ്മൾ ശാന്തിധാമത്തിലേക്ക് പോയി പിന്നീട് സുഖധാമത്തിലേക്ക് വരും. നമ്മൾ സുഖധാമത്തിന്റെ അധികാരികളായിരുന്നു പിന്നീട് ചക്രം കറങ്ങി. ഈ നിശ്ചയം ഉണ്ടായിരിക്കേണ്ടേ. അശരീരിയാകുന്നതിനുള്ള ശീലമുണ്ടാക്കണം, അല്ലെങ്കിൽ മായ വിഴുങ്ങിക്കൊണ്ടിരിക്കും, യോഗം മുറിഞ്ഞതായിരിക്കും, വികർമ്മം വിനാശമാകുകയില്ല. ഓർമ്മയിലിരിക്കുന്നതിന്റെ പരിശ്രമം എത്രയും ചെയ്യണം. ഓർമ്മയിലൂടെ തന്നെ *എവർ-ഹെൽത്തിയാകും.* എത്ര സാധിക്കുമോ അശരീരിയായി ബാബയെ ഓർമ്മിക്കണം. നമ്മൾ ആത്മാക്കളെ പരംപിതാ പരമാത്മാവ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. കൽപ-കൽപം പഠിപ്പിക്കുന്നു, രാജ്യ-ഭാഗ്യം നൽകുന്നു. നിങ്ങൾ യോഗ ബലത്തിലൂടെ തന്റെ രാജധാനി സ്ഥാപിക്കുകയാണ്. രാജാവ് രാജ്യം ഭരിക്കുന്നു, സൈനികർ രാജ്യത്തിനായി യുദ്ധം ചെയ്യുന്നു. ഇവിടെ നിങ്ങൾ നിങ്ങൾക്ക് വേണ്ടിയാണ് പരിശ്രമിക്കുന്നത്, ബാബയ്ക്ക് വേണ്ടിയല്ല. ഞാൻ രാജ്യമേ ഭരിക്കുന്നില്ല. ഞാൻ നിങ്ങൾക്ക് രാജ്യം നൽകുന്നതിനായുള്ള യുക്തികൾ പറഞ്ഞ് തരുന്നു. നിങ്ങളെല്ലാവരും വാനപ്രസ്ഥികളാണ് എല്ലാവരുടെയും മരണമാണ്. ചെറിയവരോ-വലിയവരോ എന്ന കണക്കില്ല. ചെറിയ കുട്ടിണെങ്കിൽ അവർക്ക് ബാബയുടെ സമ്പത്ത് ലഭിക്കും എന്ന് കരുതരുത്. നേടുന്നുതിനായി ഈ ലോകം തന്നെ ഉണ്ടായിരിക്കില്ല. മനുഷ്യരാണെങ്കിൽ ഘോരമായ അന്ധകാരത്തിലാണ്. വളരെയധികം പണം സമ്പാദിക്കുന്നതിനുള്ള ആഗ്രഹം വെക്കുന്നു, എന്റെ മക്കളും പേരക്കുട്ടികളുമെല്ലാം അനുഭവിക്കുമെന്ന് പറയുന്നു. എന്നാൽ ആരുടെയും ഈ ആഗ്രഹം പൂർത്തിയാകില്ല. ഇതെല്ലാം മണ്ണോട് ചേരും. ഈ ലോകം തന്നെ ഇല്ലാതാകണം. ഒരു *ബോംബിടുകയാണെങ്കിൽ* തന്നെ എല്ലാം ഇല്ലാതാകും. രക്ഷിക്കാൻ ആരും ഉണ്ടായിരിക്കില്ല. ഇപ്പോൾ സ്വർണ്ണത്തിന്റെ ഖനികളെല്ലാം തന്നെ പൂർണ്ണമായും കാലിയായിരിക്കുന്നു. പുതിയ ലോകത്തിൽ അതെല്ലാം വീണ്ടും സമ്പന്നമാകും. അവിടെ പുതിയ ലോകത്തിൽ എല്ലാം പുതിയത് ലഭിക്കും. ഇപ്പോൾ നാടകത്തിന്റെ ചക്രം പൂർത്തിയാകുന്നു, വീണ്ടും ആരംഭിക്കും. ഇപ്പോൾ പ്രകാശം വന്നിരിക്കുന്നു. പാടുന്നുണ്ട് ജ്ഞാന സൂര്യൻ ഉദിച്ചു, അജ്ഞാന അന്ധകാരം നശിച്ചു. ആ സുര്യന്റെ കാര്യമല്ല, മനുഷ്യർ സൂര്യന് ജലം നൽകുന്നു. സൂര്യനാണ് മുഴുവൻ ലോകത്തിലും ജലമെത്തിക്കുന്നത്. അങ്ങനെയുള്ള സൂര്യന് ജലം നൽകുന്നു, ഭക്തിയുടെ കാര്യം അദ്ഭുതമാണ് പിന്നീട് സൂര്യ ദേവതായ നമഃ, ചന്ദ്ര ദേവതായ നമഃ എന്നും പറയുന്നു. അവരെങ്ങനെ ദേവതയാകും? ഇവിടെ മനുഷ്യരാണ് അസുരനിൽ നിന്ന് ദേവതയാകുന്നത്. അത് സൂര്യനും, ചന്ദ്രനും നക്ഷത്രങ്ങളുമാണ്. അവരെ ദേവതയെന്ന് പറയാൻ സാധിക്കില്ല. സൂര്യന്റെ പതാകയും ഉയർത്താറുണ്ട്. ജപ്പാൻകാരെ സൂര്യവംശികളെന്ന് പറയാറുണ്ട്. വാസ്തവത്തിൽ എല്ലാവരും ജ്ഞാന സൂര്യവംശികളാണ്. എന്നാൽ അറിവില്ല, ഇപ്പോൾ ആ സൂര്യന്റെ സ്ഥാനം എവിടെയാണ്, ഈ ജ്ഞാന സൂര്യന്റെ സ്ഥാനം എവിടെയാണ്. ഇവിടെയും ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ നടത്തുന്നുണ്ട്, എന്നിട്ട് ഫലമെന്താണ്? ഒന്നും തന്നെയില്ല. വിനാശം പ്രാപിച്ച് കഴിഞ്ഞിരിക്കുന്നു. ഈ *സയൻസിലൂടെ* തന്റെ തന്നെ വിനാശമാണ് ചെയ്യുന്നതെന്ന് വിവേകശാലികളായവർ മനസ്സിലാക്കുന്നുണ്ട്. അവരുടേത് *സയൻസാണ്* നിങ്ങളുടേത് *സൈലൻസാണ്.* അവർ *സയൻസിലൂടെ* വിനാശം നടത്തുന്നു, നിങ്ങൾ *സൈലൻസിലൂടെ* സ്വർഗ്ഗത്തിന്റെ സ്ഥാപന നടത്തുന്നു. ഇപ്പോൾ നരകത്തിൽ എല്ലാവരുടെയും തോണി മുങ്ങിയിരിക്കുന്നു. ആ വശത്ത് സ്ഥൂല സൈന്യങ്ങൾ, ഈ വശത്ത് നിങ്ങൾ യോഗബലത്തിന്റെ സേന. നിങ്ങൾ മുക്തി നൽകുന്നവരാണ്. നിങ്ങളിൽ എത്ര ഉത്തരവാദിത്വമാണുള്ളത്, അതുകൊണ്ട് പൂർണ്ണമായും സഹായിയാകണം. ഈ പഴയ ലോകം ഇല്ലാതാകണം. ഇപ്പോൾ നിങ്ങൾ *ഡ്രാമയെ* അറിഞ്ഞിരിക്കുന്നു. ഇപ്പോൾ സംഗമ സമയമാണ്. ബാബ തോണി അക്കരയെത്തിക്കാൻ വന്നിക്കുന്നു. നിങ്ങൾക്കറിയാം രാജധാനി പൂർണ്ണമായും സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നീട് വിനാശമുണ്ടാകും ഇടക്കിടെ *റിഹേർസൽ* നടന്നുകൊണ്ടിരിക്കും. യുദ്ധങ്ങൾ ധാരാളം നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ പഴയ വസ്ത്രം അഴിക്കണം. പിന്നീട് പുതിയ വസ്ത്രം ധരിക്കണം. ഈ കാര്യം ബാബ *ഗ്യാരണ്ടി* നൽകുകയാണ് അതായത് കൽപ-കൽപം ഞാൻ എല്ലാവരെയും കൊണ്ട് പോകുന്നു, അതുകൊണ്ടാണ് എന്റെ പേര് കാലൻമാരുടെയും കാലൻ മാഹാകാലനെന്ന് വച്ചിരിക്കുന്നത്. പതിത-പാവനനെന്നും, ദയാഹൃദയനെന്നും പറയുന്നു.

നിങ്ങൾക്കറിയാം നമ്മൾ ശ്രീമതത്തിലൂടെ സ്വർഗ്ഗത്തിലേക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ സ്വർഗ്ഗത്തിലേക്കയക്കും, ഇതിനോടൊപ്പം തന്നെ ശരീര നിർവ്വാഹവും ചെയ്യണം. കർമ്മം കൂടാതെ ആർക്കും കഴിയാൻ സാധിക്കില്ല. കർമ്മ സന്യാസം ഉണ്ടാകുന്നില്ല. സ്നാനം മുതലായവ ചെയ്യുക, ഇതും കർമ്മമല്ലേ. അന്തിമത്തിൽ എല്ലാവരും പൂർണ്ണമായ ജ്ഞാനമെടുക്കും, ഇത്രയും മനസ്സിലാക്കും ശിവബാബയാണ് പഠിപ്പിക്കുന്നതെന്ന് ഇവർ പറയുന്നത് ശരിയാണ്, നിരാകാര ഭഗവാനുവാചാ – അത് ഒരാൾ മാത്രമാണ് അതുകൊണ്ടാണ് ബാബ പറഞ്ഞു കൊണ്ടേയിരിക്കുന്നത്, നിങ്ങൾ എല്ലാവരോടും ചോദിക്കൂ നിരാകാരനായ ശിവനുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണുള്ളത്? എല്ലാവരും സഹോദരങ്ങളാണെങ്കിൽ സഹോദരങ്ങൾക്ക് പിതാവുണ്ടായിരിക്കില്ലേ. അല്ലെങ്കിൽ എവിടെ നിന്ന് വന്നു. പാടുന്നുമുണ്ട് നീ തന്നെയാണ് മാതാവും, പിതാവും.... ഇതാണ് ബാബയുടെ മഹിമ, ബാബ പറയുന്നു ഞാൻ തന്നെയാണ് നിങ്ങളെ പഠിപ്പിക്കുന്നത്. നിങ്ങൾ പിന്നീട് വിശ്വത്തിന്റെ അധികാരികളാകുന്നു. ഇവിടെ ഇരുന്നു കൊണ്ടും ബാബയെ ഓർമ്മിക്കണം. ഈ കണ്ണുകളിലൂടെ ശരീരത്തെയാണ് കാണുന്നത്, ബുദ്ധികൊണ്ടറിയാം നമ്മളെ പഠിപ്പിക്കുന്നത് ശിവബാബയാണ്. ആരാണോ ബാബയോടൊപ്പമുള്ളത് അവർക്ക് വേണ്ടി തന്നെയാണ് ഈ രാജയോഗവും ജ്ഞാന മഴയും. പതിതരെ പാവനമാക്കുക – ഇത് ബാബയുടെ കർത്തവ്യമാണ്. ഇത് അതേ ജ്ഞാന സാഗരനാണ്, നിങ്ങൾക്കറിയാം നമ്മൾ ശിവബാബയുടെ പേരക്കുട്ടികളാണ്, ബ്രഹ്മാവിന്റെ കുട്ടികളാണ്. ബ്രഹ്മാവിന്റെ പിതാവ് ശിവനാണ്, സമ്പത്ത് ശിവപിതാവിൽ നിന്നാണ് ലഭിക്കുന്നത്. ഓർമ്മിക്കേണ്ടതും ശിവപിതാവിനെ തന്നെയാണ്. ഇപ്പോൾ നമുക്ക് വിഷ്ണുപുരിയിലേക്ക് പോകണം. നിങ്ങളുടെ നങ്കൂരം ഇവിടെ നിന്ന് ഉയർത്തിയിരിക്കുന്നു. ശൂദ്രരുടെ തോണി ഇപ്പോഴും നിൽക്കുകയാണ്. നിങ്ങളുടെ തോണി യാത്ര തുടങ്ങിയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ നേരെ വീട്ടിലേക്ക് പോകും. പഴയ വസ്ത്രങ്ങളെല്ലാം ഉപേക്ഷിച്ച് വേണം പോകാൻ. ഈ നാടകം ഇപ്പോൾ പൂർത്തിയാകുന്നു, വസ്ത്രം അഴിച്ച് വച്ച് ഇപ്പോൾ വീട്ടിലേക്ക് പോകും. ശരി–

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം –**

1) അസത്യമായ ഒരു കർമ്മവും ചെയ്യരുത്, മരണം മുന്നിൽ നിൽക്കുന്നുണ്ട്, കണക്കെടുപ്പിന്റെ സമയമാണ് അതുകൊണ്ട് എല്ലാവരെയും കുഴിമാടത്തിൽ നിന്ന് ഉണർത്തണം. പാവനമാകുന്നതിന്റെയും ആക്കുന്നതിന്റെയും സേവനം ചെയ്യണം.

2) ഈ മോശമായ ലോകത്തിൽ യാതൊരാശകളും വയ്ക്കരുത്. എല്ലാവരുടെയും മുങ്ങിയ തോണിയെ രക്ഷിക്കുന്നതിൽ ബാബയുടെ പൂർണ്ണ സഹായിയാകണം.

## വരദാനം:– യോഗത്തിന്റെ പ്രയോഗത്തിലൂടെ ഓരോ ഖജനാവുകളെയും വർദ്ധിപ്പിക്കുന്ന സഫല തപസ്വിയായി ഭവിക്കട്ടെ.

ബാബയിലൂടെ പ്രാപ്തമായ സകല ഖജനാവുകളിലും യോഗത്തിന്റെ പ്രയോഗം ചെയ്യൂ. ഖജനാവുകളുടെ ചെലവ് കുറവും പ്രാപ്തി കൂടുതലുമായിരിക്കണം–ഇത് തന്നെയാണ് പ്രയോഗം. സമയവും സങ്കൽപവും ശ്രേഷ്ഠ ഖജനാവുകളാണ് എന്നതിലാൽ സങ്കൽപത്തിന്റെ ചെലവ് കുറവായിരിക്കണം പക്ഷെ പ്രാപ്തി കൂടുതലായിരിക്കണം. സാധാരണ വ്യക്തി രണ്ട്–നാല് മിനിട്ട് ചിന്തിച്ചശേഷം സഫലത പ്രാപ്തമാക്കുമ്പോൾ താങ്കൾ അത് ഒന്നു–രണ്ട് സെക്കന്റിനുള്ളിൽ ചെയ്യൂ. കുറഞ്ഞ സമയം, കുറഞ്ഞ സങ്കൽപം കൊണ്ട് ഫലം ജാസ്തിയായിരിക്കണം അപ്പോൾ പറയാം –യോഗത്തിന്റെ പ്രയോഗം ചെയ്യുന്ന സഫല തപസ്വി.

## സ്ലോഗൻ:– തന്റെ അനാദി–ആദി സംസ്കാരം സ്മൃതിയിൽ വെച്ച് സദാ അചഞ്ചലരായിരിക്കൂ.

## മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ

മുള്ളുകളുടെ ലോകത്ത് നിന്നും കൊണ്ടുപോകൂ പൂക്കളുടെ തോട്ടത്തിലേക്ക്, ഇപ്പോൾ ഈ വിളി കേവലം പരമാത്മാവിനോടാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മനുഷ്യർ അതി ദു:ഖിയാകുമ്പോളാണ് പരമാത്മാവിനെ ഓർമ്മിക്കുന്നത്, പരമാത്മാവേ ഈ മുള്ളുകളുടെ ലോകത്ത് നിന്നും കൊണ്ടുപോകൂ പൂക്കളുടെ ലോകത്തേക്ക്. ഇതിലൂടെ തെളിയുന്നത് തീർച്ചയായും അങ്ങിനെയും ഒരു ലോകമുണ്ട് എന്നാണ്. ഇപ്പോൾ ഇതാണെങ്കിൽ എല്ലാവർക്കും അറിയാം ഇപ്പോൾ ഈ ലോകം മുള്ളുകളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഇക്കാരണത്താൽ മനുഷ്യന് ദു:ഖവും അശാന്തിയും കിട്ടിക്കൊണ്ടിരിക്കുന്നു, പിന്നെ പുഷ്പങ്ങളുടെ ലോകത്തെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ അതും ഏതോ ഒരു ലോകമായിരിക്കും, ആ ലോകത്തെ സംസ്കാരം ആത്മാവിൽ നിറഞ്ഞിരിക്കും. ഇപ്പോൾ ഇതാണെങ്കിൽ നമുക്കറിയാം ദു:ഖവും അശാന്തിയും ഇവയെല്ലാം കർമ്മബന്ധനങ്ങളുടെ കണക്ക്-വഴക്കുകളാണ്. രാജാവ് മുതൽ ദരിദ്രൻ വരെ ഓരോ മനുഷ്യനും ഈ  കണക്കിൽ പൂർണ്ണമായും ബന്ധിക്കപ്പെട്ടിട്ടുള്ളതാണ്. അതിനാൽ പരമാത്മാവ് സ്വയം പറയുന്നു, ഇപ്പോൾ ലോകം കലിയുഗമാണ്, അതിനാൽ അതെല്ലാം കർമ്മബന്ധനത്താൽ ഉണ്ടാക്കപ്പെട്ടതാണ്, മാത്രമല്ല മുമ്പത്തെ കാലം സത്യയുഗമായിരുന്നു, അതിനെയാണ് പുഷ്പങ്ങളുടെ ലോകമെന്ന് പറയുന്നത്. അതാണ് കർമ്മബന്ധന രഹിതമായ ജീവന്മുക്ത ദേവീദേവതകളുടെ ലോകം, ഇപ്പോൾ അതില്ല. ഇപ്പോൾ നാം ജീവന്മുക്തം എന്ന് പറയുന്നതിന്റെ അർത്ഥം നാം ദേഹത്തിൽ നിന്ന് മുക്തമായിരുന്നു എന്നല്ല. അവർക്ക് യാതൊരു ദേഹബോധവുമില്ലായിരുന്നു, മറിച്ച് അവർ ദേഹത്തിലിരുന്നുകൊണ്ടും ദു:ഖം അനുഭവിച്ചിരുന്നില്ല. അതിനാൽ ജീവന്മുക്തിയുടെ അർത്ഥം ഇതാണ് ജീവിച്ചിരുന്നുകൊണ്ടും കർമ്മാതീതം . ഇപ്പോൾ ഈ മുഴുവൻ ലോകവും 5 വികാരങ്ങളാൽ ബന്ധിതമാണ്, 5 വികാരങ്ങൾ പൂർണ്ണമായും വസിക്കുന്ന ഇടമാണ്. പക്ഷെ മനുഷ്യന് ഈ 5 ഭൂതങ്ങളെയും ജയിക്കാനുള്ള ശക്തിയില്ല, അപ്പോൾ തന്നെയാണ് പരമാത്മാവ് വന്ന് നമ്മളെ 5 ഭൂതങ്ങളിൽ നിന്നും രക്ഷിക്കുന്നതും ഭാവി പ്രാലബ്ധമായ ദേവീ–ദേവതാ പദവി പ്രാപ്തമാക്കിത്തരുന്നതും. ഓം ശാന്തി.